**<u>പതിനാലാം കേരള നിയമസഭ</u>**
**<u>10-ാം സമ്മേളനം</u>**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. T 3149** **14.03.2018-ൽ മറുപടി നൽകേണ്ടത്**

## <u>കായൽ തീരങ്ങളിലെ കെട്ടിട നിർമ്മാണം</u>

<u>ചോദ്യം</u>
ശ്രീ.പി.സി. ജോർജ് :

<u>മറുപടി</u>
**പിണറായി വിജയൻ**
(മുഖ്യമന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| (എ) ടൂറിസം വികസനത്തിന് അനുയോജ്യമായ കേരളത്തിലെ സുന്ദരമായ കായലോരങ്ങളിൽ കേന്ദ്രസർക്കാരിന്റെ സി.ആർ.ഇസഡ്. നിയമങ്ങൾ കാരണം വിവിധ തരത്തിലുള്ള ഹോട്ടൽ സമുച്ചയങ്ങളോ ടൂറിസ്റ്റ് കേന്ദ്രങ്ങളോ നിർമ്മിക്കുവാൻ കഴിയുകയില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) തീരദേശ നിയന്ത്രണ മേഖലാ വിജ്ഞാപനം അനുസരിച്ച് വേലിയേറ്റ രേഖയിൽ നിന്നും നിശ്ചിത ദൂരം മാറി ടൂറിസം ആവശ്യങ്ങൾക്കുള്ള കെട്ടിടം നിർമ്മിക്കാവുന്നതാണ്. |
| (ബി) കേരളത്തിലെ വിവിധ കായൽ തീരങ്ങളിൽ വിവിധ തരത്തിലുള്ള സി.ആർ.ഇസഡ്. നിയമങ്ങളാണോ നിലവിലുള്ളത്; വിശദമാക്കുമോ; | (ബി) അല്ല. കേരളത്തിലെ വേലിയേറ്റ പ്രഭാവമുള്ള എല്ലാ കായൽതീരങ്ങളിലും 2011 ൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം പുറപ്പെടുവിച്ച 'തീരദേശ നിയന്ത്രണ മേഖലാ വിജ്ഞാപനം' ആണ് ബാധകമായിട്ടുള്ളത്. |

(സി) ആക്കുളം കായൽ തീരങ്ങൾ ഏത് സി.ആർ.ഇസഡ്. നിയമത്തിന്റെ പരിധിയിലാണ്; ഇവിടെ കായലിൽ നിന്നും എത്ര മീറ്റർ മാറി കെട്ടിട/ഹോട്ടൽ സമുച്ചയങ്ങൾ നിർമ്മിക്കാൻ കഴിയും; വിശദമാക്കാമോ;

(സി) ആക്കുളം കായലിന്റെ തീരപ്രദേശങ്ങളുടെ വേലിയേറ്റരേഖ മുതൽ കരയുടെ ദിശയിലേയ്ക്ക് നൂറ് മീറ്റർ വരെയുള്ള ദൂരം, അഥവാ കായലിന്റെ വീതി ഇതിൽ ഏതാണോ കുറവ് അത്രയും പ്രദേശം വികസന നിഷിദ്ധ മേഖലയായിരിക്കും.

(ഡി) പുതിയ കേന്ദ്ര സി.ആർ.ഇസഡ്. നിയമത്തിലെ വ്യവസ്ഥകൾ എന്താണെന്നറിയാമോ; നിയമപ്രകാരം കേരളത്തിലെ കായൽ തീരങ്ങളിൽ കെട്ടിടം നിർമ്മിക്കുന്നതിനുള്ള ദൂരപരിധി എത്രയാണ്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) 2011 ൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം പുറപ്പെടുവിച്ച 'തീരദേശ നിയന്ത്രണ മേഖലാ വിജ്ഞാപനം' ആണ് നിലവിലുള്ള ഏറ്റവും പുതിയ CRZ നിയമം. CRZ III യിൽ ഉൾപ്പെടുന്ന പ്രദേശങ്ങളിൽ, കടലുമായി ബന്ധപ്പെട്ടിരിക്കുന്നതും, വേലിയേറ്റ വേലിയിറക്കങ്ങളാൽ സ്വാധീനിക്കപ്പെടുന്നതുമായ കായലുകളുടെ വേലിയേറ്റ രേഖ മുതൽ കരയുടെ ദിശയിലേയ്ക്ക് നൂറ് മീറ്റർ വരെയുള്ള പ്രദേശം അഥവാ കായലിന്റെ വീതി ഇതിൽ ഏതാണോ കുറവ് അത്രയും പ്രദേശം വികസന നിഷിദ്ധ മേഖലയായിരിക്കും. CRZ II ൽ കായലുകളുടെ വേലിയേറ്റ രേഖ മുതൽ കരയുടെ ദിശയിലേയ്ക്കുള്ള പ്രദേശത്ത് നിലവിലുള്ള

| | | | |
|---|---|---|---|
| | | | പാതയിൽ നിന്നും കരയുടെ ഭാഗത്തേയ്ക്കോ, അതോ നിലവിലുള്ള അംഗീകൃത നിർമ്മിതികളിൽ നിന്നും, കരയുടെ ഭാഗത്തേയ്ക്കോ മാത്രമേ കെട്ടിടങ്ങൾ അനുവദിക്കുകയുള്ളൂ. കായൽ തുരുത്തുകളിൽ CRZ പരിധി വേലിയേറ്റരേഖയിൽ നിന്നും 50 മീറ്റർ ആണ്. |
| (ഇ) | കേന്ദ്ര സി.ആർ.ഇസഡ്. നിയമം പരിഷ്കരിക്കുന്ന കമ്മിറ്റിയിൽ കേരളത്തിന്റെ പ്രതിനിധികളുണ്ടോ; ഉണ്ടെങ്കിൽ ഇവരുടെ പേരു വിവരം ലഭ്യമാക്കുമോ; | (ഇ) | കേന്ദ്ര CRZ നിയമം പരിഷ്കരിക്കുന്നതിനായി സംസ്ഥാനങ്ങളുടെ പ്രതിനിധികളെ ഉൾപ്പെടുത്തിക്കൊണ്ട് കമ്മിറ്റി നിലവിലില്ല. |
| (എഫ്) | കേരളത്തിലെ കായൽ തീരങ്ങളിൽ ടൂറിസം സംരംഭങ്ങൾ ആരംഭിക്കുന്നതിന് വിവിധ തരത്തിലുള്ള കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനായി, കായൽ തീരങ്ങളിൽ നിന്നും ഏറ്റവും കുറഞ്ഞ ദൂരത്തിൽ കെട്ടിടങ്ങൾ നിർമ്മിക്കുവാൻ ആവശ്യമായ റിപ്പോർട്ട് സർക്കാർ കേന്ദ്ര സി. ആർ. ഇസഡ്. കമ്മിറ്റിക്ക് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ; | (എഫ്) | തീരദേശ നിയന്ത്രണ മേഖല സംബന്ധിച്ച് പുതുക്കിയ വിജ്ഞാപനം കേന്ദ്ര സർക്കാർ പുറപ്പെടുവിക്കുന്ന അവസരത്തിൽ, സംസ്ഥാന സർക്കാരിന്റെ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതാണ്. |

| | | |
|---|---|---|
| (ജി) | കായൽ തീരങ്ങളിൽ കെട്ടിടങ്ങൾ നിർമ്മിക്കുവാൻ സംസ്ഥാനത്ത് നിലവിലുള്ള നിയമങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ? | (ജി) കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം പുറപ്പെടുവിച്ച തീരദേശ നിയന്ത്രണ മേഖലാ വിജ്ഞാപനം -2011, തണ്ണീർ തടങ്ങൾ (സംരക്ഷണവും പരിപാലനവും)-2017 ചട്ടം എന്നിവയാണ് കായൽ തീരങ്ങളിൽ കെട്ടിടങ്ങൾ നിർമ്മിക്കുവാൻ സംസ്ഥാനത്ത് നിലവിലുള്ള പ്രധാന നിയമങ്ങൾ. |

സെക്ഷൻ ഓഫീസർ